(ഡി) ഈ പദ്ധതിക്ക് എ. ആർ. പി. സ്കീമിൽ ഉൾപ്പെടുത്തി 14-12-1990-ൽ ഭരണാനുമതി നൽകി. എന്നാൽ എ. ആർ. പി. സ്കീമിൽ പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കാത്തതിനാൽ പി. എം. ജി. വൈ. സ്കീമിൽ ഉൾപ്പെടുത്തി 3-1-2003-ൽ ഭരണാനുമതി നൽകി. ഈ പദ്ധതിയുടെ സ്രോതസ്സിന്റെ പണി 1991-ൽ ടെണ്ടർ വിളിച്ച് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

ഇളമാട്, ഇട്ടിവ ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതികൾ

94 [1031] *ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരമുള്ള മീനാട് പദ്ധതിയിൽ ഉൾപ്പെട്ട ഇളമാട് ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതിയുടെ പണി എന്നേക്ക് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ;

(ബി) എത്ര കോടി രൂപയാണ് ഈ പദ്ധതിക്കായി അനുവദിച്ചിട്ടുള്ളത്;

(സി) പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

(ഡി) ഇതുവരെ ഒരു തരത്തിലുള്ള കുടിവെള്ള പദ്ധതിയും നടപ്പാക്കിയിട്ടില്ലാത്ത ഇട്ടിവ ഗ്രാമപഞ്ചായത്തിൽ ഒരു സമഗ്ര കുടിവെള്ള പദ്ധതിക്കുള്ള സർവ്വേ പൂർത്തീകരിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ പ്രസ്തുത പഞ്ചായത്തിൽ കുടിവെള്ള പദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; എത്ര തുക ഇതിലേക്ക് ചെലവഴിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മീനാട് പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ 2005 നവംബർ മാസത്തോടെ ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) മീനാട് പദ്ധതിയുടെ അടങ്കൽ തുക 175.96 കോടി രൂപയാണ്.

(സി) 2007 ആഗസ്റ്റ് മാസത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) ഉണ്ട്.

(ഇ) പ്രസ്തുത പഞ്ചായത്തിൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ കുടിവെള്ള പദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് ഏകദേശം 1040 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly